# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4335** **12-11-2019-ൽ മറുപടിക്ക്**

## എക്സ്പീരിയൻസ് എത്തിക് കുസിൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, എൻ. ഷംസുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വീട്ടമ്മമാരുടെ പാചക നൈപുണ്യം ഉപയോഗപ്പെടുത്തി വിദേശ വിനോദ സഞ്ചാരികൾക്ക് മലയാള നാടിന്റെ സ്വന്തം പാചക വിഭവങ്ങൾ പങ്കുവച്ച് വീട്ടമ്മമാർക്ക് സ്വന്തമായി വരുമാനം നേടാൻ സഹായകമാവുന്ന വിധത്തിൽ 'എക്സ്പീരിയൻസ് എത്തിക് കുസിൻ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരളത്തിന്റെ തനതു വിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും ഉറപ്പു വരുത്തുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിരിക്കുന്ന പുതിയ പദ്ധതിയാണിത്. കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 2012 അപേക്ഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്കുള്ള പരിശീലനങ്ങൾ നടന്നു വരുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കോഴിക്കോട്, വയനാട്, ആലപ്പുഴ ജില്ലകളിൽ പരിശീലനം പൂർത്തിയായി. മറ്റു ജില്ലകളിലെ പരിശീലനങ്ങൾ നവംബർ 30-തിനകം പൂർത്തിയാകും. |
| (ബി) | വിവിധ ജില്ലകളിൽ ഈ പദ്ധതിയുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 2012 അപേക്ഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്കുള്ള പരിശീലനങ്ങൾ നടന്നു |

| | | | |
|---|---|---|---|
| | | | വരുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കോഴിക്കോട്, വയനാട്, ആലപ്പുഴ ജില്ലകളിൽ പരിശീലനം പൂർത്തിയായി. മറ്റു ജില്ലകളിലെ പരിശീലനങ്ങൾ നവംബർ 30-തിനകം പൂർത്തിയാകും. |
| (സി) | പാചക കാര്യത്തിൽ അതിവിദഗ്ധരായ മലബാറിലെ വീട്ടമ്മമാർക്കിടയിൽ പദ്ധതിക്ക് വേണ്ടത്ര പ്രചാരം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | ആദ്യ ഘട്ടത്തിൽ ലഭിച്ചിരിക്കുന്ന അപേക്ഷകർക്കുള്ള പരിശീലനങ്ങൾക്ക് ശേഷം രണ്ടാം ഘട്ടത്തിൽ കൂടുതൽ പ്രചരണം നടത്തുമ്പോൾ മലബാർ മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ